ലാറ്ററൽ എൻട്രി

116 [5783] ശ്രീ. മത്തായി ചാക്കോ:
,, കോടിയേരി ബാലകൃഷ്ണൻ:
,, മഞ്ഞളാംകുഴി അലി:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് ലാറ്ററൽ എൻട്രി അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ്;

(ബി) ലാറ്ററൽ എൻട്രി അനുവദിക്കുന്നതിന്റെ ഭാഗമായി എഞ്ചിനീയറിംഗ് കോളേജിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(സി) ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഡി) കേരള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ (കേപ്)-ന് കീഴിലുള്ള കോളേജുകളിൽ ഇപ്രകാരം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം സീറ്റുകൾ?

ഉത്തരം

(എ) 60% മാർക്കോടുകൂടി ഡിപ്ലോമ പരീക്ഷ പാസ്സാകുകയും ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷ പാസ്സാകുകയും ചെയ്യുന്ന കുട്ടികൾക്ക് ഈ പദ്ധതി മുഖേന എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കും.

(ബി) ലാറ്ററൽ എൻട്രി പദ്ധതി പ്രകാരം മുൻ അദ്ധ്യയന വർഷം (ഒന്നാം വർഷം) അനുവദിച്ചിട്ടുള്ള ഇൻടേക്കിന്റെ 10% സീറ്റ് അധികമായി അനുവദിച്ചു രണ്ടാം വർഷത്തിൽ പ്രവേശനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു. †

(ഡി) എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ലാറ്ററൽ എൻട്രി പ്രകാരം 10% സീറ്റ് അധികമായി ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് ഉണ്ട്. എന്നാൽ ഈ പദ്ധതി നടപ്പാക്കുന്നതിന് കേപ്പിന്റെ കോളേജുകൾ തയ്യാറായിട്ടില്ല.

സർവ്വകലാശാലയുടെ അനുവാദമില്ലാതെ പുതിയ കോഴ്സ് തുടങ്ങിയ കോളേജുകളുടെ മേൽ നടപടി

117 [5789] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ബാലറാം:
,, ലൂഡി ലൂയിസ്:
,, ഇ. എം. അഗസ്തി:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ അനുവാദമില്ലാതെ അവയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പുതിയ കോഴ്സ് തുടങ്ങിയ സംഭവം ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ;

(സി) സർവ്വകലാശാലയുടെ അനുവാദമില്ലാതെ പുതിയ കോഴ്സ് തുടങ്ങിയ കോളേജുകളുടെ മേൽ എന്ത് നടപടിയെടുത്തു; അവയുടെ മേൽ ശിക്ഷാനടപടിയെടുത്തിട്ടുള്ള പക്ഷം കോഴ്സിനു അനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ. ബി) തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിൽ 2002-2003 അദ്ധ്യയന വർഷത്തിൽ സർവ്വകലാശാലയുടെ അനുവാദമില്ലാതെ ബി.എസ്സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി കോഴ്സ് തുടങ്ങിയിരുന്നു. അഫിലിയേറ്റഡ് കോളേജുകളിൽ സർവ്വകലാശാലയുടെ അനുവാദമില്ലാതെ പുതിയ കോഴ്സ് തുടങ്ങിയതായി മറ്റു സർവ്വകലാശാലകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സെന്റ് സേവ്യേഴ്സ് കോളേജിൽ ബി.എസ്സി. ഇൻഡസ്ട്രിയൽ കെമിസ്ട്രി കോഴ്സിന് ചേർന്ന കുട്ടികളെ താൽക്കാലികമായി ഒന്നാം വർഷ പരീക്ഷ എഴുതാൻ അനുവദിക്കുകയും, സർവ്വകലാശാലയുടെ അനുവാദമില്ലാതെ പ്രസ്തുത കോഴ്സ് തുടങ്ങില്ലായെന്ന് ഒരു സമ്മതപത്രം സമർപ്പിക്കാനും ഒപ്പം 50,000 രൂപ പിഴ ഒടുക്കാനും കോളേജ് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മാനേജ്മെന്റ് ഇതുവരെ അപ്രകാരം ചെയ്തിട്ടില്ല. സർവ്വകലാശാലയുടെ നിർദ്ദേശം നടപ്പാക്കാതെ കോഴ്സിന് അനുമതി നൽകാൻ നിർവ്വാഹമില്ല.

കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ ലിസ്റ്റ്

118 [5790] ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റ് തയ്യാറാക്കിയ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ ലിസ്റ്റ് പ്രസ്തുത സർവ്വകലാശാലയുടെ വി. സി. തിരുത്തുകയുണ്ടായോ;

(ബി) എങ്കിൽ എപ്രകാരം;

(സി) തിരുത്തലിന്റെ ഫലമായി പുതുതായി ലിസ്റ്റിൽ ചേർക്കപ്പെട്ടവർ ആരെല്ലാമായിരുന്നു;

(ഡി) സിൻഡിക്കേറ്റ് തയ്യാറാക്കിയ ലിസ്റ്റ് തിരുത്തുവാൻ വി. സി.-ക്ക് അധികാരം നൽകുന്ന വ്യവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly